**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 526** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിരവികസനത്തിനുമുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ടി. സൂരജ്

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥാ വ്യതിയാനം വലിയ ഭീഷണിയായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിന് സംസ്ഥാനത്തെ സജ്ജമാക്കുന്നതിനുള്ള സമഗ്ര നയരേഖയായ, സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി [Kerala State Action Plan on Climate Change (KSAPCC)], 2023-30 കാലയളവിലേക്ക് കാലാവസ്ഥ വ്യതിയാന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടാൻ ആറ് സുപ്രധാന മേഖലകൾക്ക് (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവും, ജൈവ ആവാസവ്യവസ്ഥയും, ആരോഗ്യം, ജലവിഭവം) പ്രത്യേക ഊന്നൽ നൽകികൊണ്ട് ആണ് ഈ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ആയതു പ്രകാരം 2030 വരെ വിഭാവനം ചെയ്തിട്ടുള്ള വിവിധ കാലാവസ്ഥ അനുകൂലന പദ്ധതികൾക്കായി 38,407 കോടി രൂപയും വിവിധ കാലാവസ്ഥ ലഘൂകരണ പദ്ധതികൾക്കായി 52,238/- കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ 2050 ഓടെ കാർബൺ ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന 'കാർബൺ ന്യൂട്രൽ കേരളം 2050' മാർഗരേഖ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കേരളം 2040-ഓടെ നൂറ് ശതമാനവും പുനരുപയോഗ ഊർജാധിഷ്ഠിത സംസ്ഥാനമായി മാറുകയും 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലേക്കുള്ള ദിശാബോധമാണ് ഈ മാർഗ്ഗരേഖ നൽകുന്നത്. ഗതാഗതം, വ്യവസായം, കെട്ടിടങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രധാനമായും പുനരുപയോഗ ഊർജാധിഷ്ഠിത വൈദ്യുതീകരണം നടപ്പിലാക്കുകയും ഗ്രീൻഹൈഡ്രജൻ, ഊർജ സംഭരണ

സാങ്കേതികവിദ്യകൾ എന്നിവ വേഗത്തിൽ വ്യാപിപ്പിക്കുകയും ചെയ്ത് ഫോസിൽ ഇന്ധനങ്ങളിലുള്ള ആശ്രയം ഗണ്യമായി കുറച്ച് പരിസ്ഥിതി സൗഹാർദമാക്കാൻ ഉള്ള വിവിധങ്ങളായ ഇടപെടലുകളും കണ്ടെത്തി ഈ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി)** പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ബജറ്റ് വിഹിതം ലഭ്യമാക്കുമോ ;

**മറുപടി:** ലഭ്യമാക്കിയിട്ടുണ്ട്.

**(സി)** അടിസ്ഥാന സൗകര്യവികസനവും ഗതാഗതവികസനവും പരിസ്ഥിതിസൗഹാർദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

**മറുപടി:** കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിന് സംസ്ഥാനത്തെ സജ്ജമാക്കുന്നതിനുള്ള സമഗ്ര നയരേഖയായ, സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി [Kerala State Action Plan on Climate Change (KSAPCC)], 2023-30 കാലയളവിലേക്ക് കാലാവസ്ഥ വ്യതിയാന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടാൻ ആറ് സുപ്രധാന മേഖലകൾക്ക് (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവും, ജൈവ ആവാസവ്യവസ്ഥയും, ആരോഗ്യം, ജലവിഭവം) പ്രത്യേക ഊന്നൽ നൽകികൊണ്ട് ആണ് ഈ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ആയതു പ്രകാരം 2030 വരെ വിഭാവനം ചെയ്തിട്ടുള്ള വിവിധ കാലാവസ്ഥ അനുകൂലന പദ്ധതികൾക്കായി 38,407 കോടി രൂപയും വിവിധ കാലാവസ്ഥ ലഘൂകരണ പദ്ധതികൾക്കായി 52,238/- കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ 2050 ഓടെ കാർബൺ ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന 'കാർബൺ ന്യൂട്രൽ കേരളം 2050' മാർഗരേഖ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കേരളം 2040-ഓടെ നൂറ് ശതമാനവും പുനരുപയോഗ ഊർജാധിഷ്ഠിത സംസ്ഥാനമായി മാറുകയും 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലേക്കുള്ള ദിശാബോധമാണ് ഈ മാർഗ്ഗരേഖ നൽകുന്നത്. ഗതാഗതം, വ്യവസായം, കെട്ടിടങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രധാനമായും പുനരുപയോഗ ഊർജാധിഷ്ഠിത വൈദ്യുതീകരണം നടപ്പിലാക്കുകയും ഗ്രീൻഹൈഡ്രജൻ, ഊർജ സംഭരണ സാങ്കേതികവിദ്യകൾ എന്നിവ വേഗത്തിൽ വ്യാപിപ്പിക്കുകയും ചെയ്ത് ഫോസിൽ ഇന്ധനങ്ങളിലുള്ള ആശ്രയം ഗണ്യമായി കുറച്ച് പരിസ്ഥിതി സൗഹാർദമാക്കാൻ ഉള്ള വിവിധങ്ങളായ ഇടപെടലുകളും കണ്ടെത്തി ഈ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഡി)** യുവ തലമുറക്ക് പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ പാഠ്യപദ്ധതിയിൽ പരിസ്ഥിതിസംരക്ഷണ പാഠങ്ങൾ ഉൾപ്പെടുത്തുമോ; അതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ഇതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആരംഭിച്ചിട്ടുള്ള പ്രധാന പദ്ധതിയാണ് ഭൂമിത്രസേന ക്ലബുകൾ. കേരളത്തിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലുമായി നിലവിൽ സംസ്ഥാനത്തുടനീളം 459 ഭൂമിത്രസേന ക്ലബുകൾ ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.

വിദ്യാർത്ഥികൾക്ക് പരിസ്ഥിതി വിദ്യാഭ്യാസത്തിനും പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങളുടെ പരിഹാര പ്രവർത്തനങ്ങളിലുമുള്ള സജീവ പങ്കാളിത്തത്തിനും അവസരമൊരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രകൃതിയോടും പരിസ്ഥിതിയോടും ആദരവും ഉത്തരവാദിത്തബോധവും വളർത്തിയെടുക്കുന്നതിനോടൊപ്പം സുസ്ഥിര ജീവിതശൈലികൾ പ്രാവർത്തികമാക്കാനും വിദ്യാർത്ഥികളിലൂടെ സമൂഹത്തിൽ പരിസ്ഥിതി അവബോധം പ്രചരിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണ ബോധം വളർത്തുന്നതിനായി വിവിധ ബോധവൽക്കരണ, പരിശീലന പരിപാടികൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംഘടിപ്പിച്ചു വരുന്നു. കൂടാതെ "ഇക്കാസ" (ECASA) – Every Child A Scientist and Artist പോലുള്ള വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾ, ജൈവവൈവിധ്യ മ്യൂസിയം സന്ദർശനങ്ങൾ, പ്രകൃതി പഠന യാത്രകൾ, പക്ഷി നിരീക്ഷണ ക്യാമ്പുകൾ, ജൈവവൈവിധ്യ ദിനാചരണ പരിപാടികൾ എന്നിവയിലൂടെ കുട്ടികളിലും യുവജനങ്ങളിലും പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**